## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 681.** **30.06.2016 ന് മറുപടിയ്ക്ക്**

## അനധികൃത മദ്യ വിൽപ്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഡി.കെ. മുരളി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ബാറുകളുടെ പേരു മാറ്റി ബിയർ - വൈൻ പാർലർ എന്നാക്കിയതിനുശേഷം ഇവിടങ്ങളിൽ നിന്നും ബിയർ, വൈൻ എന്നിവയ്ക്കു പുറമേ അനധികൃത മദ്യ വില്പന നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉം (ബി) ഉം | ഉണ്ട്. സംസ്ഥാനത്തെ ബിയർ-വൈൻ പാർലറുകളിൽ ബിയർ, വൈൻ എന്നിവക്ക് പുറമേ അനധികൃത മദ്യ വിൽപ്പന നടത്താനുള്ള സാധ്യത തടയുവാൻ എക്സൈസ് വകുപ്പ് കർശനമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം സൂക്ഷിച്ചതായും വിളമ്പിയതായും കണ്ടെത്തിയതിനെ തുടർന്ന് ബന്ധപ്പെട്ടവർക്കെതിരായി നാളിതുവരെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനധികൃത വിദേശമദ്യ വിൽപ്പന കണ്ടെത്തിയ ഒരു ബിയർ-വൈൻ പാർലറിനെതിരായും മറ്റ് ലൈസൻസ് ലംഘനങ്ങൾ കണ്ടെത്തിയ 22 ബിയർ-വൈൻ പാർലറുകൾക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും വിദേശമദ്യം സൂക്ഷിച്ച ബിയർ-വൈൻ പാർലറിന്റെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുള്ളതും ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുകയുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | | |
| (സി) | അനധികൃത മദ്യം വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അനധികൃത മദ്യം വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസരണം കേസ് രജിസ്റ്റർ ചെയ്യുന്നതും ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**